ഉത്തരം

(എ) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്നതിനെത്തുടർന്ന് പിഴ ഈടാക്കുവാനുള്ള കരാറിലെ നിബന്ധന പ്രകാരം കമ്പനിക്ക് കൊടുക്കുവാനുള്ള തുകയിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ഹെവി ഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ

130 (795) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പിൽ ഹെവിഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറിനുകീഴിൽ എട്ട് ഒഴിവുകൾ ഉണ്ട്.

(ബി & സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ

131 (796) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly